കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE BONDED LABOUR SYSTEM (ABOLITION) ACT, 1976

(Act No. 19 of 1976)

# അടിമത്തൊഴിൽ സമ്പ്രദായം (നിറുത്തലാക്കൽ) ആക്റ്റ്, 1976

(1976-ലെ 19-ാം നമ്പർ ആക്റ്റ്)

വില ₹ 2-50

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റുപ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റു പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
1983

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE BONDED LABOUR SYSTEM (ABOLITION) ACT, 1976

(Act No. 19 of 1976)

# അടിമത്തൊഴിൽ സമ്പ്രദായം (നിറുത്തലാക്കൽ) ആക്റ്റ്, 1976

(1976-ലെ 19-ാം നമ്പർ ആക്റ്റ്)

42-5

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റു പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റു പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
1983

© കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# അടിമത്തൊഴിൽ സമ്പ്രദായം (നിറുത്തലാക്കൽ) ആക്ററ്, 1976

## വകുപ്പുകളുടെ വിന്യാസം


വകുപ്പുകൾ

അദ്ധ്യായം I

പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.
2. നിർവ്വചനങ്ങൾ.
3. ആക്ററിന് അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണെന്ന്.

അദ്ധ്യായം II

അടിമത്തൊഴിൽ സമ്പ്രദായം നിറുത്തലാക്കൽ

4. അടിമത്തൊഴിൽ സമ്പ്രദായം നിറുത്തലാക്കൽ.
5. കരാർ, ആചാരം മുതലായവ ശൂന്യമാണെന്ന്.

അദ്ധ്യായം III

അടിമക്കടം മടക്കിക്കൊടുക്കാനുള്ള ബാദ്ധ്യത ഇല്ലാതാക്കൽ

6. അടിമക്കടം മടക്കിക്കൊടുക്കാനുള്ള ബാദ്ധ്യത ഇല്ലാതായിത്തീരുന്നതാണെന്ന്.
7. അടിമത്തൊഴിലാളിയുടെ വസ്തു, പണയം മുതലായവയിൽ നിന്ന് വിമുക്തമാണെന്ന്.
8. സ്വതന്ത്രനാക്കപ്പെട്ട അടിമത്തൊഴിലാളിയെ വാസസ്ഥാനം മുതലായവയിൽ നിന്നും ഒഴിപ്പിക്കാൻ പാടില്ലെന്ന്.
9. ഇല്ലാതാക്കപ്പെട്ട കടം സംബന്ധിച്ചുള്ള പണം ഉത്തമർണ്ണൻ സ്വീകരിക്കാൻ പാടില്ലെന്ന്.

അദ്ധ്യായം IV

നടപ്പിൽ വരുത്തുന്ന അധികാരസ്ഥാനങ്ങൾ

10. ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി വിനിർദ്ദേശിക്കപ്പെടാവുന്ന അധികാരസ്ഥാനങ്ങൾ.
11. ഭദ്രത സുനിശ്ചിതമാക്കാൻ ഡിസ്ട്രിക്ററ് മജിസ്ട്രേട്ടിനും മററ് ഉദ്യോഗസ്ഥൻമാർക്കുമുള്ള കർത്തവ്യം.
12. ഡിസ്ട്രിക്ററ് മജിസ്ട്രേട്ടിൻേറയും അദ്ദേഹം പ്രാധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻമാരുടേയും കർത്തവ്യം.

അദ്ധ്യായം V

വിജിലൻസ് കമ്മററികൾ

13. വിജിലൻസ് കമ്മററികൾ
14. വിജിലൻസ് കമ്മററികളുടെ ചുമതലകൾ
15. തെളിവുഭാരം.

അദ്ധ്യായം VI

കുററങ്ങളും വിചാരണക്കുള്ള നടപടിക്രമവും

16. അടിമത്തൊഴിൽ പ്രാവർത്തികമാക്കുന്നതിനുള്ള ശിക്ഷ
17. അടിമക്കടം നൽകുന്നതിനുള്ള ശിക്ഷ.
18. അടിമത്തൊഴിൽ സമ്പ്രദായത്തിൻകീഴിൽ അടിമത്തൊഴിൽ ബലാൽക്കാരമായി ചെയ്യിക്കുന്നതിനുള്ള ശിക്ഷ.
19. അടിമത്തൊഴിലാളികൾക്ക് വസ്തുവിൻെറ കൈവശാവകാശം തിരിയെ കൊടുക്കാൻ വിട്ടുപോവുകയോ വീഴ്ചവരുത്തുകയോ ചെയ്യുന്നതിനുള്ള ശിക്ഷ.
20. പ്രേരണ നൽകുന്നത് ഒരു കുററമാണെന്ന്.
21. കുററങ്ങൾ എക്സിക്യൂട്ടീവ് മജിസ്ട്രേട്ടുമാർ വിചാരണ നടത്തേണ്ടതാണെന്ന്.
22. കുററങ്ങൾ നടപടിക്കെടുക്കൽ.
23. കമ്പനികളാലുള്ള കുററങ്ങൾ.

അദ്ധ്യായം VII

പലവക

24. ഉത്തമവിശ്വാസപൂർവ്വം എടുക്കപ്പെട്ട നടപടിക്ക് സംരക്ഷണം.
25. സിവിൽക്കോടതികളുടെ അധികാരിതയ്ക്ക് തടസ്സം.
26. ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം.
27. റദ്ദാക്കലും ഒഴിവാക്കലും.

# അടിമത്തൊഴിൽ സമ്പ്രദായം (നിറുത്തലാക്കൽ) ആക്റ്റ്, 1976

## (1976-ലെ 19-ാം ആക്റ്റ്)

1976 ഫെബ്രുവരി, 9.

ജനങ്ങളിൽ ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരെ സാമ്പത്തികവും ശാരീരികവുമായി ചൂഷണം ചെയ്യുന്നത് തടയാനുള്ള ലക്ഷ്യത്തോടെ അടിമത്തൊഴിൽ സമ്പ്രദായം നിറുത്തലാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ്.

ഇൻഡ്യാ റിപ്പബ്ലിക്കിന്റെ ഇരുപത്തേഴാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു.

### അദ്ധ്യായം 1

### പ്രാരംഭികം

1. (1) ഈ ആക്റ്റിന് അടിമത്തൊഴിൽ സമ്പ്രദായം (നിറുത്തലാക്കൽ) ആക്റ്റ്, 1976 എന്ന് പേർ പറയാവുന്നതാണ്. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും

(2) ഇതിന് ഇൻഡ്യ മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് 1975 ഒക്ടോബർ 25-ാം ദിവസം പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. ഈ ആക്റ്റിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,— നിർവ്വചനങ്ങൾ.

(ക) ''മുൻകൂർ തുക'' എന്നാൽ ഒരാൾ (ഇതിൽ ഇതിനുശേഷം ഉത്തമർണ്ണൻ എന്ന് പരാമർശിക്കപ്പെട്ടിരിക്കുന്നു) മറെറാരാൾക്ക് (ഇതിൽ ഇതിനുശേഷം അധമർണ്ണൻ എന്ന് പരാമർശിക്കപ്പെട്ടിരിക്കുന്നു) പണമായോ സാധനമായോ അല്ലെങ്കിൽ ഭാഗികമായി പണമായോ ഭാഗികമായി സാധനമായോ ആയാലും, നൽകുന്ന ഒരു മുൻകൂർ തുക എന്നർത്ഥമാകുന്നു.

(ഖ) ''കരാർ'' എന്നാൽ ഒരു അധമർണ്ണനും ഉത്തമർണ്ണനും തമ്മിലുള്ള (ലിഖിതമായതോ വാക്കാലുള്ളതോ, അല്ലെങ്കിൽ ഭാഗികമായി ലിഖിതമായതോ ഭാഗികമായി വാക്കാലുള്ളതോ ആയാലും) ഒരു കരാർ എന്നർത്ഥമാകുന്നതും അതിൽ നിർബ്ബന്ധ തൊഴിലിനു വ്യവസ്ഥ ചെയ്തുകൊണ്ടുള്ളതും, അസ്തിത്വം ബന്ധപ്പെട്ട പ്രദേശത്ത് നിലവിലിരിക്കുന്ന ഏതെങ്കിലും സാമൂഹ്യാചാരത്തിൻ കീഴിൽ അനുമാനിക്കപ്പെടുന്നതുമായ ഒരു കരാർ ഉൾപ്പെടുന്നതും ആകുന്നു.

വിശദീകരണം:—അധമർണ്ണനും ഉത്തമർണ്ണനും തമ്മിലുള്ള ഒരു കരാറിന്റെ അസ്തിത്വം താഴെപ്പറയുന്ന നിർബന്ധ തൊഴിലിന്റെ രൂപങ്ങളെ സംബന്ധിച്ച് സാമൂഹ്യാചാരത്തിൻകീഴിൽ സാധാരണമായി അനുമാനിക്കപ്പെടുന്നതാണ്, അതായത്:—

അടിയമർ, ബരമസ്യ, ബസഹ്യ ബെത്തു, ഭഗേല, ചെറുമർ, ഗാരു-ഗാലു, ഹാലി, ഹാരി, ഹാർവായി, ഹോളിയ, ജന, ജീത, കാമിയ, ഖുണ്ടിററ്-മുണ്ടിററ് കുത്തിയ, ലഖരി, മുഞ്ചി, മാററ്, മുനിഷ് സംപ്രദായം, നിത്-മജുർ പലേരു, പടിയൽ പന്നയിലാൽ, സഗ്രി, സൻജി, സഞ്ചവത്, സേവക്, സേവക്യ, സേരി, വെത്തി;

(ഗ) ''പൂർവ്വികൻ'' അല്ലെങ്കിൽ ''സന്തതി'' എന്നാൽ മരുമക്കത്തായ സമുദായത്തിൽപ്പെടുന്ന ഒരാളിനെ സംബന്ധിച്ച് അങ്ങനെയുള്ള സമുദായത്തിൽ പ്രാബല്യത്തിലിരിക്കുന്ന പിന്തുടർച്ചാവകാശ നിയമമനുസരിച്ച് അങ്ങനെയുള്ള പദപ്രയോഗത്തിനു സദൃശനാകുന്ന ആൾ എന്നർത്ഥമാകുന്നു;

(ഘ) ''അടിമക്കടം'' എന്നാൽ അടിമത്തൊഴിൽ സമ്പ്രദായത്തിൻകീഴിലോ അതനുസരിച്ചോ ഒരു അടിമത്തൊഴിലാളി വാങ്ങിയതോ വാങ്ങിയതായി അനുമാനിക്കപ്പെടുന്നതോ ആയ ഒരു മുൻകൂർ തുക എന്നർത്ഥമാകുന്നു;

(ങ) ''അടിമത്തൊഴിൽ'' എന്നാൽ അടിമത്തൊഴിൽ സമ്പ്രദായത്തിൻകീഴിൽ നൽകപ്പെടുന്ന ഏതെങ്കിലും തൊഴിലോ സേവനമോ എന്നർത്ഥമാകുന്നു;

(ച) ''അടിമത്തൊഴിലാളി'' എന്നാൽ അടിമക്കടം നേരിടുന്നതോ അല്ലെങ്കിൽ നേരിട്ടിട്ടുള്ളതോ നേരിട്ടിട്ടുള്ളതായി അനുമാനിക്കപ്പെടുന്നതോ ആയ ഒരു തൊഴിലാളി എന്നർത്ഥമാകുന്നു.

(ഛ) ''അടിമത്തൊഴിൽ സമ്പ്രദായം'' എന്നാൽ ഒരു അധമർണ്ണൻ ഒരു ഉത്തമർണ്ണനുമായി—

(i) അയാൾക്കോ അല്ലെങ്കിൽ അയാളുടെ ആരോഹണ പരമ്പരയിലോ അവരോഹണ പരമ്പരയിലോ ഉള്ള ആർക്കെങ്കിലുമോ കിട്ടിയിട്ടുള്ള ഒരു മുൻകൂർ തുകയ്ക്ക് പ്രതിഫലമായും (അങ്ങനെയുള്ള മുൻകൂർ തുക ഏതെങ്കിലും രേഖവഴി തെളിയിക്കപ്പെട്ടാലും ഇല്ലെങ്കിലും) അങ്ങനെയുള്ള മുൻകൂർ തുകയ്ക്ക് കൊടുക്കേണ്ട പലിശ ഏതെങ്കിലുമുണ്ടെങ്കിൽ അതിനു പ്രതിഫലമായുമോ അല്ലെങ്കിൽ

(ii) ഏതെങ്കിലും ആചാരപരമോ സാമൂഹ്യപരമോ ആയ കടപ്പാടനുസരിച്ചോ, അല്ലെങ്കിൽ

(iii) പിന്തുടർച്ചാവകാശംവഴി അയാളിൽ സംക്രമിക്കുന്ന ഒരു കടപ്പാടനുസരിച്ചോ, അല്ലെങ്കിൽ

(iv) അയാൾക്കോ അയാളുടെ ആരോഹണ പരമ്പരയിലോ അവരോഹണ പരമ്പരയിലോ ഉള്ള ഏതെങ്കിലും ആൾക്കോ കിട്ടിയിട്ടുള്ള ഏതെങ്കിലും സാമ്പത്തിക പ്രതിഫലത്തിനുവേണ്ടിയോ, അല്ലെങ്കിൽ

(v) ഏതെങ്കിലും പ്രത്യേക ജാതിയിലോ സമുദായത്തിലോ ഉള്ള അയാളുടെ ജനനം കാരണത്താലോ; അയാൾ—

(1) നേരിട്ടോ അല്ലെങ്കിൽ അയാളുടെ കുടുംബത്തിലെ ഏതെങ്കിലും അംഗമോ അയാളുടെ ആശ്രിതനായ ഏതെങ്കിലും ആളോ മുഖേനയോ ഉത്തമർണ്ണനോ അല്ലെങ്കിൽ ഉത്തമർണ്ണന്റെ ഗുണത്തിനുവേണ്ടിയോ ഒരു വിനിർദ്ദിഷ്ടകാലത്തേയ്ക്കോ അല്ലെങ്കിൽ വിനിർദ്ദിഷ്ടമല്ലാത്ത ഒരു കാലത്തേയ്ക്കോ ഒന്നുകിൽ കൂലി കൂടാതെയോ അല്ലെങ്കിൽ നാമമാത്രമായ കൂലിക്കുവേണ്ടിയോ തൊഴിലോ സേവനമോ നൽകുമെന്നോ, അല്ലെങ്കിൽ

(2) ഒരു വിനിർദ്ദിഷ്ടകാലത്തേയ്ക്കോ അല്ലെങ്കിൽ വിനിർദ്ദിഷ്ടമല്ലാത്ത ഒരു കാലത്തേയ്ക്കോ നിയോജന സ്വാതന്ത്ര്യമോ മററു ജീവിതമാർഗ്ഗമോ ഉപയോഗിക്കുമെന്നോ, അല്ലെങ്കിൽ

(3) ഇൻഡ്യൻ രാജ്യക്ഷേത്രത്തിലാകമാനം സ്വതന്ത്രമായി സഞ്ചരിക്കുന്നതിനുള്ള അവകാശം ഉപേക്ഷിക്കുമെന്നോ, അല്ലെങ്കിൽ

(4) അയാളുടെ വസ്തുവിൽ ഏതെങ്കിലുമോ, അല്ലെങ്കിൽ അയാളുടേയോ അയാളുടെ ഒരു കുടുംബാംഗത്തിന്റേയോ അല്ലെങ്കിൽ അയാളുടെ ആശ്രിതനായ ഏതെങ്കിലും ആളിന്റേയോ തൊഴിലുൽപ്പന്നമോ, വിനിയോഗിക്കുന്നതിനോ കമ്പോളവിലയ്ക്ക് വിൽക്കുന്നതിനോ ഉള്ള അവകാശം നഷ്ടപ്പെടുമെന്നോ പ്രഭാവം ഉള്ള ഒരു കരാറിൽ ഏർപ്പെടുന്നതോ ഏർപ്പെട്ടിട്ടുള്ളതോ ഏർപ്പെട്ടതായി അനുമാനിക്കപ്പെടുന്നതോ ആയ നിർബ്ബന്ധിതമോ ഭാഗികമായി നിർബ്ബന്ധിതമോ ആയ തൊഴിൽസമ്പ്രദായം എന്നർത്ഥമാകുന്നതും, അതിൽ ഒരു അധമർണ്ണനുവേണ്ടി ഒരു ജാമ്യക്കാരൻ, അധമർണ്ണൻ കടം വീട്ടാൻ വീഴ്ച വരുത്തുന്ന സംഗതിയിൽ അധമർണ്ണനുവേണ്ടി അയാൾ അടിമത്തൊഴിൽ ചെയ്യാമെന്നുള്ള പ്രഭാവത്തിൽ ഉത്തമർണ്ണനുമായി കരാറിൽ ഏർപ്പെടുകയോ ഏർപ്പെട്ടിട്ടുണ്ടായിരിക്കുകയോ ഏർപ്പെട്ടിട്ടുണ്ടെന്ന് അനുമാനിക്കപ്പെടുകയോ ചെയ്യുന്ന നിർബ്ബന്ധിതമോ ഭാഗികമായി നിർബ്ബന്ധിതമോ ആയ തൊഴിൽസമ്പ്രദായം ഉൾപ്പെടുന്നതും ആകുന്നു;

(ജ) 'കുടുംബം' എന്നതിൽ ഒരു ആളിനെ സംബന്ധിച്ച്, അങ്ങനെയുള്ള ആളിന്റെ ആരോഹണ പരമ്പരയിൽ ഉള്ള ആളും അവരോഹണ പരമ്പരയിൽ ഉള്ള ആളും ഉൾപ്പെടുന്നു ;

(ഝ) ''നാമമാത്ര കൂലി'' എന്നാൽ ഏതെങ്കിലും തൊഴിൽ സംബന്ധിച്ച്—

(ക) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ ഒരേതരത്തിലുള്ളതോ അല്ലെങ്കിൽ സദൃശമായതോ ആയ തൊഴിൽ സംബന്ധിച്ച് ഗവൺമെന്റ് നിജപ്പെടുത്തിയിട്ടുള്ള ഏററവും കുറഞ്ഞ കൂലിയേക്കാളും ;

(ഖ) ഏതെങ്കിലും തരത്തിലുള്ള തൊഴിൽ സംബന്ധിച്ച് അങ്ങനെയുള്ള ഏററവും കുറഞ്ഞ യാതൊരു കൂലിയും നിജപ്പെടുത്തിയിട്ടില്ലാത്തിടത്ത്, ഒരേ പ്രദേശത്തു തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക്, ഒരേതരത്തിലുള്ളതോ അല്ലെങ്കിൽ സദൃശമായതോ ആയ തൊഴിലിന് സാധാരണമായി നൽകപ്പെടുന്ന കൂലിയെക്കാളും, കുറഞ്ഞകൂലി എന്നർത്ഥമാകുന്നു.

(ഞ) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്ററിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

**ആക്ററിന് അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണെന്ന്**

3. ഈ ആക്ററിലെ വ്യവസ്ഥകൾക്ക്, ഈ ആക്ററ് അല്ലാത്ത ഏതെങ്കിലും അധിനിയമത്തിലോ അല്ലെങ്കിൽ ഈ ആക്ററ് അല്ലാത്ത ഏതെങ്കിലും അധിനിയമത്തിന്റെ ബലത്തിൽ പ്രാഭവമുള്ള ഏതെങ്കിലും പ്രമാണത്തിലോ, അവയ്ക്ക് അസംഗതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം II

## അടിമത്തൊഴിൽ സമ്പ്രദായം നിറുത്തലാക്കൽ

**അടിമത്തൊഴിൽ സമ്പ്രദായം നിറുത്തലാക്കൽ**

4. (1) ഈ ആക്ററ് പ്രാരംഭത്തിൽ വരുമ്പോൾ അടിമത്തൊഴിൽ സമ്പ്രദായം നിറുത്തലാക്കപ്പെട്ടതായിത്തീരുന്നതും, അങ്ങനെയുള്ള പ്രാരംഭത്തിൻമേൽ ഏതൊരു അടിമത്തൊഴിലാളിയും, ഏതെങ്കിലും അടിമത്തൊഴിൽ ചെയ്യുന്നതിനുള്ള ഏതെങ്കിലും കടപ്പാടിൽ നിന്നും സ്വതന്ത്രനും വിമുക്തനും ആയിത്തീരുന്നതും ആണ്.

(2) ഈ ആക്ററിന്റെ പ്രാരംഭത്തിനുശേഷം, യാതൊരാളും—

(ക) അടിമത്തൊഴിൽ സമ്പ്രദായത്തിൻകീഴിലോ അതനുസരിച്ചോ ഏതെങ്കിലും മുൻകൂർ തുക നൽകുകയോ, അല്ലെങ്കിൽ

(ഖ) ഏതെങ്കിലും അടിമത്തൊഴിലോ മററു തരത്തിലുള്ള നിർബ്ബന്ധിത തൊഴിലോ ചെയ്യാൻ ഏതെങ്കിലും ആളെ നിർബ്ബന്ധിക്കുകയോ ചെയ്യാൻ പാടില്ല.

**കരാർ, ആചാരം മുതലായവ ശൂന്യമാണെന്ന്**

5. ഈ ആക്ററ് പ്രാരംഭത്തിൽ വരുമ്പോൾ ഏത് ആചാരത്തിന്റേയോ പാരമ്പര്യത്തിന്റേയോ അല്ലെങ്കിൽ ഉടമ്പടിയുടേയോ കരാറിന്റേയോ മററു പ്രമാണത്തിന്റേയോ ബലത്തിലാണോ (ഈ ആക്ററിന്റെ പ്രാരംഭത്തിനു മുമ്പോ പിമ്പോ ഏർപ്പെട്ടിട്ടുള്ളതോ ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ളതോ ആയാലും) ഏതെങ്കിലും ആളോടോ, അല്ലെങ്കിൽ അങ്ങനെയുള്ള ആളിന്റെ ഏതെങ്കിലും കുടുംബാംഗത്തോടോ ആശ്രിതനോടോ ഒരു അടിമത്തൊഴിലാളിയായി ഏതെങ്കിലും ജോലി ചെയ്യുന്നതിനോ ഏതെങ്കിലും സേവനം നൽകുന്നതിനോ ആവശ്യപ്പെടുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആചാരമോ പാരമ്പര്യമോ അല്ലെങ്കിൽ ഏതെങ്കിലും ഉടമ്പടിയോ, കരാറോ, മററു പ്രമാണമോ ശൂന്യവും പ്രവർത്തനരഹിതവുമായിത്തീരുന്നതാണ്.

## അദ്ധ്യായം III

## അടിമക്കടം മടക്കിക്കൊടുക്കാനുള്ള ബാദ്ധ്യത ഇല്ലാതാക്കൽ

6. (1) ഈ ആക്റ്റ് പ്രാരംഭത്തിൽ വരുമ്പോൾ, ഏതെങ്കിലും അടിമക്കടമോ അങ്ങനെയുള്ള പ്രാരംഭത്തിനു തൊട്ടു മുമ്പു കൊടുത്തു തീർക്കാതെ അവശേഷിക്കുന്ന ഏതെങ്കിലും അടിമക്കടത്തിന്റെ ഭാഗമോ മടക്കിക്കൊടുക്കാനുള്ള ഒരു അടിമത്തൊഴിലാളിയുടെ ഏതൊരു കടപ്പാടും ഇല്ലാതായിത്തീർന്നതായി കരുതപ്പെടുന്നതാണ്.

**അടിമക്കടം മടക്കിക്കൊടുക്കാനുള്ള ബാദ്ധ്യത ഇല്ലാതായിത്തീരുന്നതാണെന്ന്.**

(2) ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം, ഏതെങ്കിലും അടിമക്കടമോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗമോ വസൂലാക്കുന്നതിനുവേണ്ടിയുള്ള യാതൊരു വ്യവഹാരമോ മററു നടപടിയോ ഏതെങ്കിലും സിവിൽക്കോടതിയുടെയോ അല്ലെങ്കിൽ മററ് ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ മുമ്പാകെ ബോധിപ്പിക്കാൻ പാടില്ല.

(3) അടിമക്കടം വസൂലാക്കുന്നതിനുവേണ്ടി ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പു പാസ്സാക്കിയിട്ടുള്ളതും അങ്ങനെയുള്ള പ്രാരംഭത്തിനു മുമ്പ് പൂർണ്ണമായും ബാദ്ധ്യത തീർത്തിട്ടില്ലാത്തതുമായ ഏതൊരു വിധിയും അല്ലെങ്കിൽ ഉത്തരവും അങ്ങനെയുള്ള പ്രാരംഭത്തിൻമേൽ പൂർണ്ണമായും ബാദ്ധ്യത തീർക്കപ്പെട്ടതായി കരുതപ്പെടേണ്ടതാണ്.

(4) ഏതെങ്കിലും അടിമക്കടം വസൂലാക്കുന്നതിനുവേണ്ടി, ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പു നടത്തിയ ഏതൊരു ജപ്തിയും, അങ്ങനെയുള്ള പ്രാരംഭത്തിൻമേൽ ഒഴിവാക്കപ്പെട്ടതായിത്തീരുന്നതും, അങ്ങനെയുള്ള ജപ്തിയനുസരിച്ച് അടിമത്തൊഴിലാളിയുടെ ഏതെങ്കിലും ജംഗമവസ്തു പിടിച്ചെടുക്കപ്പെടുകയും അയാളുടെ സൂക്ഷിപ്പിൽ നിന്നു നീക്കം ചെയ്യപ്പെടുകയും അതിന്റെ വിൽപ്പന നടപടി നിലവിലിരിക്കെ ഏതെങ്കിലും കോടതിയുടെയോ മററു അധികാരസ്ഥാനത്തിന്റെയോ സൂക്ഷിപ്പിൽ വയ്ക്കപ്പെടുകയും ചെയ്യുന്നിടത്ത് അങ്ങനെയുള്ള ജംഗമവസ്തു, അങ്ങനെയുള്ള പ്രാരംഭത്തിനുശേഷം പ്രായോഗികമാകാവുന്നിടത്തോളം വേഗത്തിൽ അടിമത്തൊഴിലാളിയുടെ കൈവശത്തിൽ തിരിയെ ഏൽപ്പിക്കേണ്ടതും ആണ്.

(5) ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുൻപ് ഒരു അടിമത്തൊഴിലാളിയുടേയോ അയാളുടെ കുടുംബാംഗത്തിന്റേയോ മററ് ആശ്രിതന്റേയോ വകയായ ഏതെങ്കിലും വസ്തുവിന്റെ കൈവശാവകാശം, ഏതെങ്കിലും അടിമക്കടം വസൂലാക്കുന്നതിനുവേണ്ടി ഏതെങ്കിലും ഉത്തമർണ്ണൻ ബലാൽക്കാരമായി എടുത്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള പ്രാരംഭത്തിനുശേഷം പ്രായോഗികമാകാവുന്നിടത്തോളം വേഗത്തിൽ ആരിൽ നിന്നാണോ അതു പിടിച്ചെടുക്കപ്പെട്ടത് ആ ആളിന്റെ കൈവശത്തിൽ തിരിയെ ഏൽപ്പിക്കേണ്ടതാണ്.

(6) (4)-ാം ഉപവകുപ്പിലോ (5)-ാം ഉപവകുപ്പിലോ പരാമർശിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും വസ്തുവിന്റെ കൈവശാവകാശം ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ മുപ്പതു ദിവസത്തിനുള്ളിൽ തിരിയെ കൊടുക്കാതിരിക്കുന്നപക്ഷം സങ്കടമുള്ള ആളിന് നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ അങ്ങനെയുള്ള വസ്തുവിന്റെ കൈവശാവകാശം തിരിയെ കിട്ടുന്നതിനുവേണ്ടി നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനത്തോട് അപേക്ഷിക്കാവുന്നതും, നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനത്തിന്, ഉത്തമർണ്ണന് പറയുവാനുള്ളത് പറയാൻ ന്യായമായ ഒരവസരം നൽകിയതിനുശേഷം, ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന സമയത്തിനുള്ളിൽ ബന്ധപ്പെട്ട വസ്തുവിന്റെ കൈവശാവകാശം അപേക്ഷകനു തിരിയെ കൊടുക്കാൻ ഉത്തമർണ്ണനോടു നിദേശിക്കാവുന്നതും ആണ്.

(7) നിർണ്ണയിക്കപ്പെട്ട ഏതെങ്കിലും അധികാരസ്ഥാനം (6)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച ഒരു ഉത്തരവ്, ഒരു സിവിൽക്കോടതിയാൽ പുറപ്പെടുവിക്കപ്പെട്ട ഉത്തരവായി കരുതപ്പെടുന്നതും ഏററവും താഴ്ന്ന ആർത്ഥികാധികാരിതയുള്ള ഏതു കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിലാണോ ഉത്തമർണ്ണൻ സ്വേച്ഛയാ താമസിക്കുകയോ ബിസിനസ് നടത്തുകയോ ലാഭത്തിനുവേണ്ടി നേരിട്ടു ജോലി ചെയ്യുകയോ ചെയ്യുന്നത് ആ കോടതിക്ക് അതു നടപ്പാക്കാവുന്നതും ആണ്.

(8) ഒരു അടിമക്കടം വസൂലാക്കുന്നതിനുവേണ്ടിയുള്ള ഒരു വിധിയോ ഉത്തരവോ നടപ്പാക്കുന്നതിൽ ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പ്, ജപ്തിചെയ്യപ്പെട്ട ഏതെങ്കിലും വസ്തു വിൽക്കപ്പെട്ടിട്ടുള്ളിടത്ത്, ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥ അങ്ങനെയുള്ള വിൽപ്പനയെ ബാധിക്കുകയില്ലെന്നു സംശയനിവാരണാർത്ഥം ഇതിനാൽ പ്രഖ്യാപിച്ചുകൊള്ളുന്നു:

എന്നാൽ അടിമത്തൊഴിലാളിക്കോ അല്ലെങ്കിൽ ഇതിലേയ്ക്ക് അയാൾ പ്രാധികാരപ്പെടുത്തിയ ഏജൻറിനോ, അങ്ങനെയുള്ള പ്രാരംഭം മുതൽ അഞ്ചുവർഷത്തിനുള്ളിൽ ഏതു സമയത്തും, വിൽപ്പന സംബന്ധിച്ച വിളംബരത്തിൽ വിനിർദ്ദേശിച്ച ഏതു തുക വസൂലാക്കുന്നതിനുവേണ്ടിയാണോ വിൽപ്പന നടത്താൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളത്, ആ തുകയിൽ നിന്ന് അങ്ങനെയുള്ള വിൽപ്പന സംബന്ധിച്ച വിളംബരത്തിന്റെ തീയതി മുതൽ വിധിയുടമയ്ക്ക് കിട്ടിയിട്ടുള്ള ഏതെങ്കിലും തുകയും ഇടക്കാലാദായവും കിഴിച്ചുള്ളത് വിധി ഉടമയ്ക്ക് നൽകുന്നതിനുവേണ്ടി അയാൾ കോടതിയിൽ നിക്ഷേപിച്ചുകൊണ്ട് വിൽപ്പന അസ്ഥിരപ്പെടുത്തിക്കിട്ടുന്നതിനുവേണ്ടി അപേക്ഷിക്കാവുന്നതാണ്.

(9) ഒരു അടിമത്തൊഴിലാളിക്കു കൊടുത്ത ഏതെങ്കിലും മുൻകൂർ തുക വസൂലാക്കുന്നതിനുവേണ്ടിയുള്ള ഒരു വ്യവഹാരമോ നടപടിയോ ഉൾപ്പെടെ അടിമത്തൊഴിൽ സമ്പ്രദായത്തിൻകീഴിലുള്ള ഏതെങ്കിലും കടപ്പാടു പ്രാവർത്തികമാക്കുന്നതിനു വേണ്ടിയുള്ള ഏതെങ്കിലും വ്യവഹാരമോ നടപടിയോ ഈ ആക്റ്റ് പ്രാരംഭത്തിൽ വരുന്ന സമയത്തു നിലവിലിരിക്കുന്നിടത്ത് അങ്ങനെയുള്ള വ്യവഹാരമോ മററു നടപടിയോ അങ്ങനെയുള്ള പ്രാരംഭത്തിൻമേൽ തള്ളിക്കളയപ്പെട്ടതായിത്തീരുന്നതാണ്.

(10) ഈ ആക്റ്റ് പ്രാരംഭത്തിൽ വരുമ്പോൾ, വിധി ന്യായത്തിനു മുമ്പോ പിമ്പോ ആയാലും, സിവിൽ ജയിലിൽ തടങ്കലിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള ഏതൊരു അടിമത്തൊഴിലാളിയേയും ഉടൻ തന്നെ തടങ്കലിൽ നിന്നും മോചിപ്പിക്കേണ്ടതാണ്.

**അടിമത്തൊഴിലാളിയുടെ വസ്തു, പണയം മുതലായവയിൽനിന്ന് വിമുക്തമാണെന്ന്.**

7. (1) ഒരു അടിമത്തൊഴിലാളിയിൽ നിക്ഷിപ്തമായിട്ടുള്ളതും ഈ ആക്റ്റിൻെറ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഏതെങ്കിലും അടിമക്കടം സംബന്ധിച്ചുള്ള ഏതെങ്കിലും പണയത്തിനോ ചാർജ്ജിനോ, അവകാശത്തിനോ അല്ലെങ്കിൽ മററു കുടിക്കടങ്ങൾക്കോ കീഴിൽ ആയിരുന്നതുമായ എല്ലാ വസ്തുക്കളും അത് അടിമക്കടവുമായി ബന്ധപ്പെടുന്നിടത്തോളം, അങ്ങനെയുള്ള പണയത്തിൽനിന്നോ ചാർജിൽ നിന്നോ അവകാശത്തിൽനിന്നോ, മററു കുടിക്കടങ്ങളിൽനിന്നോ സ്വതന്ത്രമാക്കപ്പെട്ടതായും ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കപ്പെട്ടതായും തീരുന്നതും, അങ്ങനെയുള്ള ഏതെങ്കിലും വസ്തു, ഈ ആക്റ്റിൻെറ പ്രാരംഭത്തിന് തൊട്ടുമുമ്പ് പണയഗൃഹീതാവിൻേറയോ, അല്ലെങ്കിൽ ചാർജിൻേറയോ അവകാശത്തിൻേറയോ കുടിക്കടത്തിൻേറയോ കൈവശക്കാരൻേറയോ, കൈവശത്തിലായിരുന്നിടത്ത്, അങ്ങനെയുള്ള വസ്തു, (അത് മറേറതെങ്കിലും ചാർജിന് വിധേയമായിരുന്നിടത്തൊഴികെ) അങ്ങനെ പ്രാരംഭത്തിൽ വരുമ്പോൾ അടിമത്തൊഴിലാളിയുടെ കൈവശത്തിൽ തിരിയെ കൊടുക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും വസ്തു അടിമത്തൊഴിലാളിയുടെ കൈവശത്തിൽ തിരിയെ കൊടുക്കുന്നതിന് ഏതെങ്കിലും കാലതാമസം ഉണ്ടാകുകയാണെങ്കിൽ, അങ്ങനെ പ്രാരംഭത്തിൽ വരുമ്പോഴും പ്രാരംഭത്തീയതി മുതലും ഏററവും കുറഞ്ഞ ആർത്ഥികാധികാരിതയുള്ള ഏതു സിവിൽ കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിലാണോ അങ്ങനെയുള്ള വസ്തു സ്ഥിതി ചെയ്യുന്നത് ആ കോടതിയാൽ നിശ്ചയിക്കപ്പെടാവുന്ന ഇടക്കാലാദായങ്ങൾ പണയഗൃഹീതാവിൽനിന്നോ അല്ലെങ്കിൽ അവകാശമോ ചാർജോ കുടിക്കടമോ കൈവശം വച്ചിരിക്കുന്ന ആളിൽനിന്നോ വസൂലാക്കാൻ അങ്ങനെയുള്ള തൊഴിലാളിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

**സ്വതന്ത്രനാക്കപ്പെട്ട അടിമത്തൊഴിലാളിയെ വാസസ്ഥാനം മുതലായവയിൽ നിന്നും ഒഴിപ്പിക്കാൻ പാടില്ലെന്ന്.**

8. (1) ഏതെങ്കിലും അടിമത്തൊഴിൽ ചെയ്യുന്നതിനുള്ള ഏതെങ്കിലും കടപ്പാടിൽനിന്നും ഈ ആക്റ്റിൻകീഴിൽ സ്വതന്ത്രനാക്കുകയും ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കുകയും ചെയ്യപ്പെട്ടിട്ടുള്ള യാതൊരാളെയും, അടിമത്തൊഴിലിനുള്ള പ്രതിഫലത്തിൻെറ ഭാഗമായി ഈ ആക്റ്റിൻെറ പ്രാരംഭത്തിനു തൊട്ടുമുമ്പ് അയാൾ കൈവശം വച്ചുകൊണ്ടിരുന്ന ഏതെങ്കിലും വാസസ്ഥാനത്തുനിന്നോ അല്ലെങ്കിൽ താമസത്തിനുള്ള മററു കെട്ടിട പരിസരങ്ങളിൽനിന്നോ ഒഴിപ്പിക്കാൻ പാടില്ലാത്തതാകുന്നു.

(2) ഈ ആക്റ്റിൻെറ പ്രാരംഭത്തിനുശേഷം, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും വാസസ്ഥാനത്തുനിന്നോ താമസത്തിനുള്ള മററു കെട്ടിടപരിസരങ്ങളിൽനിന്നോ അങ്ങനെയുള്ള ഏതെങ്കിലും ആളെ ഉത്തമർണ്ണൻ ഒഴിപ്പിക്കുകയാണെങ്കിൽ, ഏതു സബ് ഡിവിഷനിലാണോ അങ്ങനെയുള്ള വാസസ്ഥാനമോ താമസത്തിനുള്ള കെട്ടിടപരിസരങ്ങളോ സ്ഥിതി ചെയ്യുന്നത് ആ സബ്ഡിവിഷൻെറ ചാർജ് വഹിക്കുന്ന എക്സിക്യൂട്ടീവ് മജിസ്ട്രേട്ട് അങ്ങനെയുള്ള വാസസ്ഥാനത്തിൻേറയോ താമസത്തിനുള്ള മററു കെട്ടിടപരിസരങ്ങളുടേയോ കൈവശാവകാശം പ്രായോഗികമാകാവുന്നിടത്തോളം വേഗത്തിൽ അടിമത്തൊഴിലാളിക്ക് തിരിയെ കൊടുക്കേണ്ടതാണ്.

**ഇല്ലാതാക്കപ്പെട്ട കടം സംബന്ധിച്ചുള്ള പണം ഉത്തമർണ്ണൻ സ്വീകരിക്കാൻ പാടില്ലെന്ന്.**

9. (1) യാതൊരു ഉത്തമർണ്ണനും ഈ ആക്റ്റിലെ വ്യവസ്ഥകളുടെ ബലത്തിൽ ഇല്ലാതാക്കപ്പെട്ടതോ ഇല്ലാതാക്കപ്പെട്ടതായി കരുതപ്പെടുന്നതോ അല്ലെങ്കിൽ പൂർണ്ണമായും കൊടുത്തുതീർത്തതോ ആയ ഏതെങ്കിലും അടിമക്കടം സംബന്ധിച്ച് ഏതെങ്കിലും പണം സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷയും കൂടാതെ പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും ആളെ കുററസ്ഥാപനം ചെയ്യുന്ന കോടതിയ്ക്ക്, ആ ഉപവകുപ്പിൻകീഴിൽ ചുമത്താവുന്ന ദണ്ഡനങ്ങൾക്കു പുറമെ, (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സ്വീകരിച്ച തുക അടിമത്തൊഴിലാളിക്ക് തിരിയെ കൊടുക്കുന്നതിനുവേണ്ടി, ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന കാലയളവിനുള്ളിൽ കോടതിയിൽ നിക്ഷേപിക്കാൻ ആ ആളിനോട് നിർദ്ദേശിക്കാവുന്നതാണ്.

## അദ്ധ്യായം IV

## നടപ്പിൽ വരുത്തുന്ന അധികാരസ്ഥാനങ്ങൾ

ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി വിനിർദ്ദേശിക്കപ്പെടാവുന്ന അധികാര സ്ഥാനങ്ങൾ.

10. സ്റ്റേറ്റ് ഗവൺമെൻറിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ ശരിയായി നടപ്പിലാക്കുന്നുണ്ടോ എന്ന് സുനിശ്ചിതമാക്കുന്നതിന് ആവശ്യകമാകാവുന്ന അധികാരങ്ങൾ ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിന് നൽകുകയും അങ്ങനെയുള്ള കർത്തവ്യങ്ങൾ അദ്ദേഹത്തിൻമേൽ ചുമത്തുകയും ചെയ്യാവുന്നതും, ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിന്, അപ്രകാരം നൽകപ്പെട്ടതോ ചുമത്തപ്പെട്ടതോ ആയ എല്ലാ അധികാരങ്ങളുമോ അവയിലേതെങ്കിലുമോ പ്രയോഗിക്കുകയും എല്ലാ കർത്തവ്യങ്ങളുമോ അവയിലേതെങ്കിലുമോ നിറവേറ്റുകയും ചെയ്യേണ്ടത് തൻെറ കീഴിലുള്ള ഏതു ഉദ്യോഗസ്ഥനാണെന്ന് വിനിർദ്ദേശിക്കുകയും അപ്രകാരം വിനിർദ്ദേശിക്കപ്പെട്ട ഉദ്യോഗസ്ഥൻ അങ്ങനെയുള്ള അധികാരങ്ങളോ കർത്തവ്യങ്ങളോ നടപ്പിലാക്കേണ്ടത് ഏതു തദ്ദേശാതിർത്തികൾക്കുള്ളിലാണെന്ന് വിനിർദ്ദേശിക്കുകയും ചെയ്യാവുന്നതും ആകുന്നു.

ഭദ്രത സുനിശ്ചിതമാക്കാൻ ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിനും മററു ഉദ്യോഗസ്ഥൻമാർക്കുമുള്ള കർത്തവ്യം.

11. 10-ാം വകുപ്പിൻകീഴിൽ സ്റ്റേറ്റ് ഗവൺമെൻറ് പ്രാധികാരപ്പെടുത്തുന്ന ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടും ആ വകുപ്പിൻകീഴിൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേററ് വിനിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനും പ്രായോഗികമാകുന്നിടത്തോളം, വീണ്ടുമുള്ള ഏതെങ്കിലും അടിമക്കടത്തിൽ ഏർപ്പെടാൻ അയാൾക്ക് ഏതെങ്കിലും അവസരമോ കാരണമോ ഉണ്ടാകാതിരിക്കത്തക്കവണ്ണം അങ്ങനെയുള്ള അടിമത്തൊഴിലാളിയുടെ സാമ്പത്തികതാൽപര്യങ്ങൾ ഉറപ്പു വരുത്തിക്കൊണ്ടും സംരക്ഷിച്ചുകൊണ്ടും സ്വതന്ത്രനാക്കിയ അടിമത്തൊഴിലാളിയുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിന് ശ്രമിക്കേണ്ടതാണ്.

ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിൻേറയും അദ്ദേഹം പ്രാധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻമാരുടെയും കർത്തവ്യം.

12. ഈ ആക്റ്റിൻെറ പ്രാരംഭത്തിനുശേഷം, തൻെറ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ താമസമുള്ള ഏതെങ്കിലും ആളാലോ ആൾക്കുവേണ്ടിയോ ഏതെങ്കിലും അടിമത്തൊഴിൽ സമ്പ്രദായമോ അല്ലെങ്കിൽ മറേറതെങ്കിലും തരത്തിലുള്ള നിർബന്ധിതത്തൊഴിലോ പ്രാവർത്തികമാക്കപ്പെടുന്നുണ്ടോ എന്ന് അന്വേഷിക്കേണ്ടത് ഏതൊരു ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിൻെറയും 10-ാം വകുപ്പിൻകീഴിൽ അദ്ദേഹത്താൽ വിനിർദ്ദേശിക്കപ്പെടുന്ന ഏതൊരു ഉദ്യോഗസ്ഥൻേറയും കർത്തവ്യമായിരിക്കുന്നതും, അങ്ങനെയുള്ള അന്വേഷണവിചാരണയുടെ ഫലമായി ഏതെങ്കിലും ആൾ അടിമത്തൊഴിൽ സമ്പ്രദായമോ മറേറതെങ്കിലും നിർബന്ധിതത്തൊഴിൽ സമ്പ്രദായമോ പ്രാവർത്തികമാക്കുന്നതായി കാണപ്പെട്ടാൽ, അങ്ങനെയുള്ള നിർബന്ധിതത്തൊഴിൽ പ്രാവർത്തികമാക്കുന്നത് ഇല്ലാതാക്കാൻ ആവശ്യകമാകാവുന്ന നടപടി അദ്ദേഹം ഉടനടി എടുക്കേണ്ടതും ആണ്.

## അദ്ധ്യായം V

## വിജിലൻസ് കമ്മററികൾ

വിജിലൻസ് കമ്മററികൾ.

13. (1) ഏതൊരു സ്റ്റേററ് ഗവൺമെൻറും, ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴി, ഓരോ ഡിസ്ട്രിക്റ്റിലും ഓരോ സബ് ഡിവിഷനിലും അതിനു യുക്തമെന്നു തോന്നുന്നത്ര വിജിലൻസ് കമ്മററികൾ രൂപവൽക്കരിക്കേണ്ടതാണ്.

(2) ഒരു ഡിസ്ട്രിക്റ്റിനുവേണ്ടി രൂപവൽക്കരിക്കപ്പെട്ടിട്ടുള്ള ഓരോ വിജിലൻസ് കമ്മററിയിലും താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത് :—

(ക) ചെയർമാനായിരിക്കേണ്ട, ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ട് അല്ലെങ്കിൽ അദ്ദേഹത്താൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരാൾ ;

(ഖ) ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട, പട്ടികജാതികളിലോ പട്ടികവർഗ്ഗങ്ങളിലോ പെട്ടവരും ആ ഡിസ്ട്രിക്റ്റിൽ താമസിക്കുന്നവരുമായ മൂന്നു ആളുകൾ ;

(ഗ) ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട, ആ ഡിസ്ട്രിക്റ്റിൽ താമസിക്കുന്ന രണ്ടു സാമൂഹ്യപ്രവർത്തകർ ;

(ഘ) ആ ഡിസ്ട്രിക്റ്റിലെ ഗ്രാമവികസനവുമായി ബന്ധപ്പെട്ട ഔദ്യോഗികമോ അനൗദ്യോഗികമോ ആയ ഏജൻസികളെ പ്രതിനിധാനം ചെയ്യുന്നതിന് സ്റ്റേററ് ഗവൺമെൻറിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട മൂന്നിൽ കവിയാതെയുള്ള ആളുകൾ ;

(ങ) ആ ഡിസ്ട്രിക്റ്റിലെ സാമ്പത്തികവും വായ്പാസംബന്ധവുമായ സ്ഥാപനങ്ങളെ പ്രതിനിധാനം ചെയ്യുന്നതിന് ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ഒരാൾ ;

(3) ഒരു സബ് ഡിവിഷനുവേണ്ടി രൂപവൽക്കരിക്കപ്പെട്ടിട്ടുള്ള ഓരോ വിജിലൻസ് കമ്മററിയിലും താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത് :—

(ക) ചെയർമാനായിരിക്കേണ്ട, സബ് ഡിവിഷനൽ മജിസ്ട്രേട്ട് അല്ലെങ്കിൽ അദ്ദേഹത്താൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരാൾ ;

(ഖ) സബ് ഡിവിഷനൽ മജിസ്ട്രേട്ടിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട, പട്ടികജാതികളിലോ പട്ടികവർഗ്ഗങ്ങളിലോ പെട്ടവരും ആ സബ് ഡിവിഷനിൽ താമസിക്കുന്നവരുമായ മൂന്നു ആളുകൾ ;

(ഗ) സബ് ഡിവിഷനൽ മജിസ്ട്രേട്ടിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട, ആ സബ് ഡിവിഷനിൽ താമസിക്കുന്ന രണ്ടു സാമൂഹ്യപ്രവർത്തകർ ;

(ഘ) ആ സബ് ഡിവിഷനിലെ ഗ്രാമവികസനവുമായി ബന്ധപ്പെട്ട ഔദ്യോഗികമോ അനൗദ്യോഗികമോ ആയ ഏജൻസികളെ പ്രതിനിധാനം ചെയ്യുന്നതിന് ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട മൂന്നിൽ കവിയാതെയുള്ള ആളുകൾ ;

(ങ) സബ് ഡിവിഷനിലെ സാമ്പത്തികവും വായ്പാസംബന്ധവുമായ സ്ഥാപനങ്ങളെ പ്രതിനിധാനം ചെയ്യുന്നതിന്, സബ് ഡിവിഷനൽ മജിസ്ട്രേട്ടിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ഒരാൾ ;

(ച) 10-ാം വകുപ്പിൻകീഴിൽ വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള, ആ സബ് ഡിവിഷനിൽ പ്രവർത്തിക്കുന്ന ഒരുദ്യോഗസ്ഥൻ.

(4) ഓരോ വിജിലൻസ് കമ്മിററിയും അതിന്റെ സ്വന്തം നടപടിക്രമം ക്രമപ്പെടുത്തേണ്ടതും ആവശ്യകമാകാവുന്ന കാര്യസ്ഥസംബന്ധമായ സഹായം—

(ക) ആ ഡിസ്ട്രിക്റ്റിനുവേണ്ടി രൂപവൽക്കരിക്കപ്പെട്ടിട്ടുള്ള ഒരു വിജിലൻസ് കമ്മിററിയുടെ സംഗതിയിൽ ഡിസ്ട്രിക്ററ് മജിസ്ട്രേട്ടും ;

(ഖ) ആ സബ് ഡിവിഷനുവേണ്ടി രൂപവൽക്കരിക്കപ്പെട്ടിട്ടുള്ള ഒരു വിജിലൻസ് കമ്മിററിയുടെ സംഗതിയിൽ സബ് ഡിവിഷനൽ മജിസ്ട്രേട്ടും ;

നൽകേണ്ടതുമാണ്.

(5) ഒരു വിജിലൻസ് കമ്മിററിയുടെ യാതൊരു നടപടിയും വിജിലൻസ് കമ്മിററിയുടെ ഘടനയിലോ നടപടികളിലോ ഉള്ള ഏതെങ്കിലും ന്യൂനത കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

വിജിലൻസ് കമ്മിററികളുടെ ചുമതലകൾ.

14. (1) (ക) ഈ ആക്ററിലേയോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടത്തിലേയോ വ്യവസ്ഥകൾ ശരിയായി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് സുനിശ്ചിതമാക്കുന്നതിന് നടത്തിയ ശ്രമങ്ങളെയോ, എടുത്ത നടപടിയേയോ സംബന്ധിച്ച് ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിനേയോ അല്ലെങ്കിൽ അദ്ദേഹത്താൽ പ്രാധികാരപ്പെടുത്തപ്പെടുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനേയോ ഉപദേശിക്കുന്നതും ;

(ഖ) സ്വതന്ത്രരാക്കപ്പെട്ട അടിമത്തൊഴിലാളികളുടെ സാമ്പത്തികവും സാമൂഹ്യവുമായ പുനരധിവാസത്തിനുവേണ്ടി വ്യവസ്ഥ ചെയ്യുന്നതും ;

(ഗ) സ്വതന്ത്രനാക്കപ്പെട്ട അടിമത്തൊഴിലാളിക്ക് മതിയായ വായ്പ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഗ്രാമബാങ്കുകളുടേയും സഹകരണസംഘങ്ങളുടേയും ചുമതലകൾ ഏകോപിപ്പിക്കുന്നതും ;

(ഘ) ഈ ആക്ററിൻകീഴിൽ നടപടിയെടുക്കപ്പെട്ട കുററങ്ങളുടെ എണ്ണം എത്ര എന്നതിൽ ജാഗ്രത പുലർത്തുന്നതും ;

(ങ) ഈ ആക്ററിൻകീഴിൽ നടപടി എടുക്കേണ്ടതായിട്ടുള്ള ഏതെങ്കിലും കുററം ഉണ്ടോ എന്ന് നിരീക്ഷണം നടത്തുന്നതും ;

(ച) ഏതെങ്കിലും അടിമക്കടമോ അല്ലെങ്കിൽ അടിമക്കടമാണെന്ന് അങ്ങനെയുള്ള ആൾ തേർച്ച ചെയ്യുന്ന മററു ഏതെങ്കിലും കടമോ മുഴുവനായോ ഭാഗികമായോ വസൂലാക്കുന്നതിനുവേണ്ടി, സ്വതന്ത്രനാക്കപ്പെട്ട ഒരു അടിമത്തൊഴിലാളിക്കോ അയാളുടെ കുടുംബത്തിലെ അംഗത്തിനോ അല്ലെങ്കിൽ അയാളുടെ ആശ്രിതനായ മററു ഏതെങ്കിലും ആളിനോ എതിരായി ആരംഭിക്കുന്ന ഏതെങ്കിലും വ്യവഹാരത്തിൽ പ്രതിവാദിക്കുന്നതും ;

ഓരോ വിജിലൻസ് കമ്മിററിയുടേയും ചുമതലകളായിരിക്കുന്നതാണ്

(2) വിജിലൻസ് കമ്മററിക്ക്, സ്വതന്ത്രനാക്കപ്പെട്ട ഒരു അടിമത്തൊഴിലാളിക്കെതിരായുള്ള വ്യവഹാരത്തിൽ പ്രതിവാദം ചെയ്യുവാൻ അതിലെ അംഗങ്ങളിൽ ഒരാളെ പ്രാധികാരപ്പെടുത്താവുന്നതും അപ്രകാരം പ്രാധികാരപ്പെടുത്തപ്പെട്ട അംഗം, അങ്ങനെയുള്ള വ്യവഹാരത്തിന്റെ ആവശ്യത്തിന് സ്വതന്ത്രനാക്കപ്പെട്ട അടിമത്തൊഴിലാളിയുടെ പ്രാധികൃത ഏജൻറായി കരുതപ്പെടേണ്ടതും ആണ്.

തെളിവുഭാരം.

15. ഏതെങ്കിലും കടം ഒരു അടിമക്കടമാണെന്ന് ഒരു അടിമത്തൊഴിലാളിയോ അല്ലെങ്കിൽ ഒരു വിജിലൻസ് കമ്മിററിയോ തേർച്ച ചെയ്യുമ്പോഴെല്ലാം അങ്ങനെയുള്ള കടം ഒരു അടിമക്കടമല്ലാ എന്ന് തെളിയിക്കാനുള്ള ഭാരം ഉത്തമർണ്ണനിലായിരിക്കുന്നതാണ്.

## അദ്ധ്യായം VI

## കുററങ്ങളും വിചാരണയ്ക്കുള്ള നടപടിക്രമവും

അടിമത്തൊഴിൽ പ്രാവർത്തികമാക്കുന്നതിനുള്ള ശിക്ഷ.

16. ഈ ആക്ററിന്റെ പ്രാരംഭത്തിനുശേഷം, ഏതെങ്കിലും അടിമത്തൊഴിൽ ചെയ്യാൻ ഏതെങ്കിലും ആളെ നിർബന്ധിക്കുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേക്കുള്ള തടവും കൂടാതെ രണ്ടായിരം രൂപയോളമാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

അടിമക്കടം നൽകുന്നതിനുള്ള ശിക്ഷ.

17. ഈ ആക്ററിന്റെ പ്രാരംഭത്തിനുശേഷം, ഏതെങ്കിലും അടിമക്കടം നൽകുന്ന ഏതൊരാളും, മൂന്നു വർഷത്തോളമാകാവുന്ന തടവും കൂടാതെ രണ്ടായിരം രൂപയോളമാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

അടിമത്തൊഴിൽ സമ്പ്രദായത്തിൻ കീഴിൽ അടിമത്തൊഴിൽ ബലാൽക്കാരമായി ചെയ്യിക്കുന്നതിനുള്ള ശിക്ഷ.

18. ഈ ആക്ററിന്റെ പ്രാരംഭത്തിനുശേഷം, ഏതു ആചാരത്തിന്റേയോ, പാരമ്പര്യത്തിന്റേയോ ഉടമ്പടിയുടേയോ കരാറിന്റേയോ മററു പ്രമാണത്തിന്റേയോ ബലത്തിലാണോ ഏതെങ്കിലും ആളോടോ അല്ലെങ്കിൽ അങ്ങനെയുള്ള ആളിന്റെ ഏതെങ്കിലും കുടുംബാംഗത്തോടോ അല്ലെങ്കിൽ അങ്ങനെയുള്ള ആളിന്റെ ഏതെങ്കിലും ആശ്രിതനോടോ അടിമത്തൊഴിൽ സമ്പ്രദായത്തിൻകീഴിലുള്ള ഏതെങ്കിലും സേവനം നൽകുന്നതിനാവശ്യപ്പെടുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആചാരമോ പാരമ്പര്യമോ ഉടമ്പടിയോ കരാറോ മററു പ്രമാണമോ പ്രാവർത്തികമാക്കുന്ന ഏതൊരാളും, മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവും കൂടാതെ രണ്ടായിരം രൂപയോളമാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതും, പിഴ വസൂലാക്കിയിട്ടുണ്ടെങ്കിൽ അതിൽനിന്നും, അടിമത്തൊഴിൽ ബലാൽക്കാരമായി അയാളെക്കൊണ്ടു ചെയ്യിച്ച ഓരോ ദിവസത്തേയ്ക്കും അഞ്ചു രൂപ നിരക്കിൽ അടിമത്തൊഴിലാളിക്ക് നൽകേണ്ടതും ആണ്.

**അടിമത്തൊഴിലാളികൾക്ക് വസ്തുവിൻെറ കൈവശാവകാശം തിരിയെ കൊടുക്കാൻ വിട്ടുപോവുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്നതിനുള്ള ശിക്ഷ.**

19. ഏതെങ്കിലും അടിമത്തൊഴിലാളിയുടെ കൈവശാവകാശത്തിൽ ഏതെങ്കിലും വസ്തു തിരിയെ കൊടുക്കാൻ ഈ ആക്ററിൽ ആവശ്യപ്പെട്ടിട്ടുണ്ടായിരിക്കെ, ഈ ആക്ററിൻെറ പ്രാരംഭം മുതൽ മുപ്പതു ദിവസക്കാലത്തിനുള്ളിൽ അപ്രകാരം ചെയ്യാൻ വിട്ടുപോവുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന തടവോ അല്ലെങ്കിൽ ആയിരം രൂപയോളമാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതും ; പിഴ വസൂലാക്കിയിട്ടുണ്ടെങ്കിൽ അതിൽനിന്നും, വസ്തുവിൻെറ കൈവശാവകാശം അയാൾക്ക് തിരിയെ കൊടുക്കാത്ത ഓരോ ദിവസത്തേക്കും അഞ്ചു രൂപ നിരക്കിൽ അടിമത്തൊഴിലാളിക്ക് നൽകേണ്ടതുമാണ്.

**പ്രേരണ നൽകുന്നത് ഒരു കുററമാണെന്ന്.**

20. ഈ ആക്ററിൻകീഴിൽ ശിക്ഷാർഹമായ ഏതെങ്കിലും കുററം ചെയ്യാൻ പ്രേരിപ്പിക്കുന്ന ഏതൊരാളും പ്രേരിപ്പിക്കപ്പെട്ട കുററം ചെയ്താലും ഇല്ലെങ്കിലും, പ്രേരണ നൽകപ്പെട്ട കുററത്തിന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള അതേ ശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

വിശദീകരണം.—ഈ ആക്ററിൻെറ ആവശ്യത്തിന്, ''പ്രേരണ''യ്ക്ക് ഇൻഡ്യൻ (1860-ലെ 5)-ൽ ശിക്ഷാനിയമസംഹിത അതിന് നൽകിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്.

**കുററങ്ങൾ എക്സിക്യൂട്ടീവ് മജിസ്ട്രേട്ടുമാർ വിചാരണ നടത്തേണ്ടതാണെന്ന്. (1974-ലെ 2)**

21. സ്റേററ് ഗവൺമെൻറ്, ഈ ആക്ററിൻകീഴിലുള്ള കുററങ്ങളുടെ വിചാരണയ്ക്കുവേണ്ടി ഒരു ഒന്നാം ക്ലാസ്സോ രണ്ടാം ക്ലാസ്സോ ജുഡീഷ്യൽ മജിസ്ട്രേട്ടിൻെറ അധികാരങ്ങൾ, ഒരു എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിന് നൽകാവുന്നതും, അങ്ങനെ അധികാരങ്ങൾ നൽകുന്നതിൻമേൽ ഏതു എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിനാണോ അധികാരങ്ങൾ അപ്രകാരം നൽകപ്പെട്ടിട്ടുള്ളത് ആ എക്സിക്യൂട്ടീവ് മജിസ്ട്രേട്ട് ക്രിമിനൽ നടപടി നിയമസംഹിത 1973-ൻെറ ആവശ്യങ്ങൾക്ക്, അതതു സംഗതിപോലെ, ഒരു ഒന്നാം ക്ലാസ്സോ രണ്ടാം ക്ലാസ്സോ ജുഡീഷ്യൽ മജിസ്ട്രേട്ടായി കരുതപ്പെടുന്നതുമാണ്.

(2) ഈ ആക്ററിൻകീഴിലുള്ള ഒരു കുററം ഒരു മജിസ്ട്രേട്ടിന് സമരിയായി വിചാരണ ചെയ്യാവുന്നതാണ്.

**കുററങ്ങൾ നടപടിക്കെടുക്കൽ**

22. ഈ ആക്ററിൻകീഴിലുള്ള ഏതൊരു കുററവും പോലീസിന് നേരിട്ട് നടപടി എടുക്കാവുന്നതും ജാമ്യം അനുവദിക്കാവുന്നതും ആയിരിക്കുന്നതാണ്.

**കമ്പനികളാലുള്ള കുററങ്ങൾ.**

23. (1) ഈ ആക്ററിൻകീഴിലുള്ള ഒരു കുററം ഒരു കമ്പനിയാൽ ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, കുററം ചെയ്യപ്പെട്ട സമയത്ത് കമ്പനിയുടെ ബിസിനസ് നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ്ജ് വഹിക്കുകയും അതിനോട് ഉത്തരവാദപ്പെട്ടിരിക്കുകയും ചെയ്തിരുന്ന ഏതൊരാളും കൂടാതെ കമ്പനിയും ആ കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും അതനുസരിച്ച് എതിരായ നടപടിയെടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്ററിൻകീഴിലുള്ള ഒരു കുററം ഒരു കമ്പനി ചെയ്യുകയും ആ കുററം ചെയ്യപ്പെട്ടിട്ടുള്ളത് ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടേയോ, മാനേജരുടേയോ സെക്രട്ടറിയുടേയോ, മററുദ്യോഗസ്ഥൻേറയോ സമ്മതത്തോടോ മൗനാനുവാദത്തോടോകൂടി ആണെന്നോ അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷ മൂലമാണെന്ന് കൽപ്പിക്കപ്പെടാവുന്നതാണെന്നോ തെളിയുകയും ചെയ്യുന്നിടത്ത് അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ, മററുദ്യോഗസ്ഥനോ ആ കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുന്നതും ആണ്.

വിശദീകരണം.—ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്—

(ക) ''കമ്പനി'' എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായമെന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ വ്യക്തികളുടെ മററു സമാജമോ ഉൾപ്പെടുന്നതും ;

(ഖ) ''ഡയറക്ടർ'' എന്നാൽ ഒരു ഫേമിനെ സംബന്ധിച്ച് ആ ഫേമിലെ ഒരു പങ്കാളി എന്ന് അർത്ഥമാകുന്നതും ആണ്.

## അദ്ധ്യായം VII
## പലവക

**ഉത്തമ വിശ്വാസപൂർവ്വം എടുക്കപ്പെട്ട നടപടിക്ക് സംരക്ഷണം.**

24. ഈ ആക്ററിൻകീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്യപ്പെട്ടതോ, ചെയ്യാൻ ഉദ്ദേശിക്കപ്പെട്ടതോ ആയ എന്തിനെങ്കിലുംവേണ്ടി ഏതെങ്കിലും സ്റേററ് ഗവൺമെൻറിനോ സ്റേററ് ഗവൺമെൻറിൻെറ ഏതെങ്കിലും ഉദ്യോഗസ്ഥനോ അല്ലെങ്കിൽ വിജിലൻസ് കമ്മിററിയിലെ ഏതെങ്കിലും അംഗത്തിനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മററു നിയമനടപടിയോ എടുക്കാൻ പാടില്ല.

**സിവിൽക്കോടതികളുടെ അധികാരിതയ്ക്ക് തടസ്സം.**

25. ഈ ആക്ററിലെ ഏതെങ്കിലും വ്യവസ്ഥ ബാധകമാകുന്ന ഏതെങ്കിലും കാര്യം സംബന്ധിച്ച് യാതൊരു സിവിൽ കോടതിക്കും അധികാരിതയുണ്ടായിരിക്കുന്നതല്ലാത്തതും ഈ ആക്ററിനാലോ ഈ ആക്ററിൻകീഴിലോ ചെയ്യപ്പെട്ടതോ ചെയ്യാൻ ഉദ്ദേശിക്കപ്പെട്ടതോ ആയ എന്തിനെയെങ്കിലും സംബന്ധിച്ച് യാതൊരു നിരോധന ഉത്തരവും ഏതെങ്കിലും സിവിൽ കോടതി അനുവദിക്കാൻ പാടില്ലാത്തതുമാകുന്നു.

ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം.

26. (1) കേന്ദ്രഗവൺമെന്റിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങളുണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിലും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന, എല്ലാ വിഷയങ്ങൾക്കോ അവയിലേതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(ക) 6-ാം വകുപ്പ് (4)-ാം ഉപവകുപ്പിലോ (5)-ാം ഉപവകുപ്പിലോ പരാമർശിച്ചിട്ടുള്ള, വസ്തുവിന്റെ കൈവശാവകാശം തിരിയെ കിട്ടുന്നതിനുവേണ്ടിയുള്ള അപേക്ഷ, ആ വകുപ്പ് (6)-ാം ഉപവകുപ്പനുസരിച്ച് ഏതു അധികാരസ്ഥാനത്തിനാണ് സമർപ്പിക്കേണ്ടതെന്ന് ;

(ഖ) 6-ാം വകുപ്പ് (6)-ാം ഉപവകുപ്പിൻകീഴിൽ വസ്തുവിന്റെ കൈവശാവകാശം തിരിയെ കിട്ടുന്നതിനുവേണ്ടിയുള്ള അപേക്ഷ ഏതു സമയത്തിനുള്ളിലാണ് നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനത്തിന് ബോധിപ്പിക്കേണ്ടതെന്ന് ;

(ഗ) ഈ ആക്ററിലേയോ അതിൻകീഴിലുണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടത്തിലേയോ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സുനിശ്ചിതമാക്കുന്നതിന് 14-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻകീഴിൽ വിജിലൻസ് കമ്മിററികൾ എടുക്കേണ്ട നടപടികൾ ;

(ഘ) നിർണ്ണയിക്കപ്പെടാൻ ആവശ്യപ്പെടുന്നതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറേറതെങ്കിലും വിഷയം.

(3) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളിച്ചിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടേയും മുമ്പാകെ, അത് ഒരേ സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയാലും, ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും മുൻ പറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്ത് വരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന് അതതു സംഗതിപോലെ അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രഭാവവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു ; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

റദ്ദാക്കലും ഒഴിവാക്കലും (1975-ലെ 17)

27. (1) അടിമത്തൊഴിൽ സമ്പ്രദായം (നിറുത്തലാക്കൽ) ആർഡിനൻസ് 1975 ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും ആ ആർഡിനൻസിൻകീഴിൽ ചെയ്യപ്പെട്ട എന്തെങ്കിലുമോ എടുക്കപ്പെട്ട ഏതെങ്കിലും നടപടിയോ (പ്രസിദ്ധപ്പെടുത്തിയ ഏതെങ്കിലും വിജ്ഞാപനമോ, നൽകിയ നിദേശമോ നാമനിർദ്ദേശമോ, നൽകിയ അധികാരമോ ചുമത്തിയ കർത്തവ്യമോ വിനിർദ്ദേശിച്ച ഉദ്യോഗസ്ഥനോ ഉൾപ്പെടെ) ഈ ആക്ററിലെ തൽസ്ഥാനീയ വ്യവസ്ഥകൾക്കു കീഴിൽ ചെയ്യപ്പെട്ടിട്ടുള്ളതോ എടുക്കപ്പെട്ടിട്ടുള്ളതോ ആയി കരുതപ്പെടുന്നതാണ്.